കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഗവൺമെൻറ് സേവിംഗ്സ് ബാങ്ക് ആക്ററ്, 1873

(1873-ലെ 5-ാം നമ്പർ ആക്ററ്)

വില

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1981

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഗവൺമെൻറ് സേവിംഗ്സ് ബാങ്ക് ആക്ററ്, 1873

(1873-ലെ 5-ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1981

# ഗവൺമെൻറ് സേവിംങ്സ് ബാങ്ക് ആക്ററ്, 1873

(1873-ലെ 5-ാം നമ്പർ ആക്ററ്)

1873 ജനുവരി, 28.

## ഗവൺമെൻറ് സേവിംങ്സ് ബാങ്കുകറ സംബന്ധിച്ച നിയമം ഭേദഗതി ചെയ്യാനുള്ള ആക്ററ്

**ആമുഖം**.— ഗവൺമെൻറ് സേവിംങ്സ് ബാങ്കുകളിലെ നിക്ഷേപങ്ങറ കൊടുക്കുന്നതു സംബന്ധിച്ച നിയമം ഭേദഗതി ചെയ്യുന്നതു സമീചീനമായിരിക്കുകയാൽ ഇതിനാൽ താഴെപറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :

### പ്രാരംഭികം

1. ചുരുക്കപ്പേര്.—ഈ ആക്ററിന്, ഗവൺമെൻറ് സേവിംങ്സ് ബാങ്ക് ആക്ററ്, 1873 എന്ന് പേര് പറയാവുന്നതാണ്.

തദ്ദേശവ്യാപ്തി.— ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

പ്രാരംഭം.— [റദ്ദാക്കൽ ആക്ററ്, 1874 (1874-ലെ XVI)-നാൽ റദ്ദാക്കപ്പെട്ടു.

2. അഞ്ചൽ സേവിംങ്സ് ബാങ്കിലെ നിക്ഷേപങ്ങറക്ക് ആക്ററ് ബാധകമാകുന്നതല്ലെന്ന്.— തിരുവിതാംകൂർ-കൊച്ചി സ്റേററിലെ അഞ്ചൽ സേവിംങ്സ് ബാങ്കിൽ ചെയ്തിട്ടുള്ള ഏതെങ്കിലും നിക്ഷേപങ്ങറക്ക് ഈ ആക്ററ് ബാധകമാകുന്നതല്ലാത്തതും, ഈ ആക്ററിൽ എന്തുതന്നെയടങ്ങിയിരുന്നാലും, അങ്ങനെയുള്ള നിക്ഷേപങ്ങറക്ക്, അവ സംബന്ധിച്ച് ഖ ഭാഗം സ്റേററുകറ (നിയമങ്ങറ) ആക്ററ് 1951-ൻെറ പ്രാരംഭത്തിനു തൊട്ടു മുൻപ്, മുൻപറഞ്ഞ സ്റേററിൽ പ്രാബല്യത്തിലിരുന്നിരുന്ന ഏതെങ്കിലും നിയമം, ആ നിയമം റദ്ദാക്കപ്പെട്ടിട്ടുണ്ടായിരുന്നില്ലെങ്കിലെന്നപോലെ, തുടർന്നു ബാധകമായിരിക്കുന്നതും ആണ്.

3. വ്യാഖ്യാനഖണ്ഡം.— ഈ ആക്ററിൽ,--

"നിക്ഷേപക"ന്, ആരാണ്, അല്ലെങ്കിൽ ആർക്കുവേണ്ടിയാണ്, ഒരു ഗവൺമെൻറ് സേവിംങ്സ് ബാങ്കിൽ ഇതിനുമുൻപ് പണം നിക്ഷേപിച്ചിട്ടുണ്ടായിരുന്നത്, അല്ലെങ്കിൽ ഇതിനുശേഷം നിക്ഷേപിക്കുന്നത്, അങ്ങനെയുള്ള ആറ എന്നർത്ഥമാകുന്നതും; "നിക്ഷേപ"ത്തിന് അപ്രകാരം നിക്ഷേപിച്ച പണം എന്നർത്ഥമാകുന്നതും ആണ്.

"സെക്രട്ടറി"ക്ക്, പോസ്ററ് ആഫീസ് സേവിംങ്സ് ബാങ്കിൻെറ സംഗതിയിൽ സേവിംങ്സ് ബാങ്ക് സ്ഥിതിചെയ്യുന്ന പ്രദേശത്തേക്കു നിയമിക്കപ്പെട്ടിട്ടുള്ള പോസ്ററ് മാസ്ററർ ജനറൽ എന്നോ, ആ പ്രദേശം പാകിസ്ഥാനിൽ ആണെങ്കിൽ, ഇൻഡ്യയ്ക്കുള്ളിലെ ഏതു പ്രദേശമാണോ കേന്ദ്രഗവൺമെൻറ് ഇതിലേക്ക് സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, വിനിർദ്ദേശിക്കുന്നത്, അങ്ങനെയുള്ള പ്രദേശത്തേക്കുള്ള പോസ്ററ് മാസ്ററർ ജനറൽ എന്നോ അർത്ഥമാകുന്നു.

"മൈനർ"ക്ക്, ഇൻഡ്യൻ മെജാറിട്ടി ആക്ററിൻകീഴിൽ പ്രായപൂർത്തിയെത്തിയതായി കരുതപ്പെടുന്നതല്ലാത്ത ആഠം എന്നർത്ഥമാകുന്നു.

"നിർണ്ണയിക്കപ്പെടുന്ന" എന്നാൽ, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു.

## മരിച്ചുപോയ ആളുകളുടെ എസ്റേററുകഠം വക നിക്ഷേപങ്ങഠം

4. നിക്ഷേപകനാലുള്ള നാമനിർദ്ദേശം.— (1) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ, അല്ലെങ്കിൽ തന്റെ നിക്ഷേപംസംബന്ധിച്ച് ഒരു നിക്ഷേപകനാലുള്ള ഏതെങ്കിലും വിന്യാസത്തിലോ, അതു മരണശാസനം വഴിയുള്ളതോ മററുവിധത്തിലുള്ളതോ ആയാലും, എന്തുതന്നെ അടങ്ങിയിരുന്നാലും, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ ചെയ്യുന്ന ഏതെങ്കിലും നാമനിർദ്ദേശം ഏതെങ്കിലും ആളെ നിക്ഷേപകന്റെ മരണത്തിൻമേൽ നിക്ഷേപം വാങ്ങിക്കാനുള്ള അവകാശം ഏതെങ്കിലും ആഠക്കു നൽകുന്നതായി കരുതപ്പെടാവുന്നതായിരിക്കുന്നിടത്ത്, നിക്ഷേപകന്റെ മരണത്തിൻമേൽ, നാമനിർദ്ദേശം നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതിയിൽ വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യാത്തപക്ഷം, നിക്ഷേപം കിട്ടാൻ മറെറല്ലാവരേയും ഒഴിച്ചുനിറുത്തി, നിർദ്ദിഷ്ട നാമാവ്, അവകാശപ്പെട്ടവനായിത്തീരുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതെങ്കിലും നാമനിർദ്ദേശം, നിർദ്ദിഷ്ട നാമാവ്, നിക്ഷേപകനുമുൻപ് മരിക്കുകയോ, അല്ലെങ്കിൽ രണ്ടോ അതിലധികമോ നിർദ്ദിഷ്ടനാമാക്കഠം, ഉള്ളിടത്ത്, എല്ലാ നിർദ്ദിഷ്ട നാമാക്കളും നിക്ഷേപകന്മുൻപ് മരിക്കുകയോ ചെയ്യുന്നുവെങ്കിൽ, ശൂന്യമായിത്തീരുന്നതാണ്.

(3) നിർദ്ദിഷ്ടനാമാവ് മൈനർ ആയിരിക്കുന്നിടത്ത് നിക്ഷേപകൻ, താൻ, നിർദ്ദിഷ്ട നാമാവ് മൈനർ ആയിരിക്കുമ്പോഠം മരിച്ചുപോകുന്നതായാൽ നിക്ഷേപം വാങ്ങിക്കാൻ ഏതെങ്കിലും ആളെ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ നിയമിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

4ക. നിക്ഷേപകന്റെ മരണത്തിൻമേൽ നിക്ഷേപം കൊടുക്കുന്നത്.— (1) നിക്ഷേപകൻ മരിക്കുകയും, നിക്ഷേപകന്റെ മരണസമയത്ത് ഏതെങ്കിലും ആളുടെപേർക്ക് ഒരു നാമനിർദ്ദേശം പ്രാബല്യത്തിലുണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, നിക്ഷേപം നിർദ്ദിഷ്ട നാമാവിന് കൊടുക്കേണ്ടതാണ്.

(2) നിർദ്ദിഷ്ട നാമാവ് മൈനറായിരിക്കുന്നിടത്ത്, നിക്ഷേപം.—

(ക) അതുവാങ്ങിക്കാൻ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ ആളെ നിയമിച്ചിട്ടുള്ള ഏതെങ്കിലും സംഗതിയിൽ, ആ ആഠക്കും;

(ഖ) അങ്ങനെയുള്ള ആഠം ഇല്ലാത്തിടത്ത്, മൈനറുടെ ഉപയോഗത്തിനായി മൈനറുടെ രക്ഷാകർത്താവിനും,

കൊടുക്കേണ്ടതാണ്.

(3) നിക്ഷേപം രണ്ടോ അതിലധികമോ നിർദ്ദിഷ്ട നാമാക്കഠക്ക്, കൊടുക്കേണ്ടതായിരിക്കുകയും, ഇരുവരിൽ ഒരാളോ അവരിൽ ആരെങ്കിലുമോ, മരിച്ചുപോയിരിക്കുകയും ചെയ്യുന്നിടത്ത്, നിക്ഷേപം അതിജീവിക്കുന്ന നിർദ്ദിഷ്ടനാമാവിനോ നിർദ്ദിഷ്ട നാമാക്കഠക്കോ കൊടുക്കേണ്ടതാകുന്നു.

(4) നിക്ഷേപകൻ മരിക്കുകയും, അയാളുടെ മരണസമയത്തള യാതൊരു നാമനിർദ്ദേശവും പ്രാബല്യത്തിലില്ലാതിരിക്കുകയും, ഇൻഡ്യൻ പിൻതുടർച്ച ആക്ററ്, 1925-ന് കീഴിൽ അനുദാനം ചെയ്തിട്ടുള്ള അയാളുടെ ഒസ്യത്തിൻെറ പ്രൊബേററോ അയാളുടെ എസ്റേററിൻെറ അഡ്മിനിസ്ട്രേഷൻ പത്രമോ, ഒരു പിൻതുടർച്ച സർട്ടിഫിക്കററോ, നിക്ഷേപകൻെറ മരണത്തിൻെറ മൂന്നുമാസത്തിനുള്ളിൽ നിക്ഷേപമുള്ള ഗവൺമെൻറ് സേവിംങ്സ് ബാങ്കിൻെറ സെക്രട്ടറിക്ക് ഹാജരാക്കിക്കൊടുത്തിട്ടില്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അപ്പോൾ,—

(ക) നിക്ഷേപം അയ്യായിരം രൂപയിൽ കവിയുന്നില്ലെങ്കിൽ, സെക്രട്ടറിക്ക്, അത് വാങ്ങിക്കാനോ അല്ലെങ്കിൽ മരിച്ചുപോയ ആളുടെ എസ്റേററ് അഡ്മിനിസ്ററർ ചെയ്യാനോ അവകാശം ഉണ്ടെന്നു തനിക്കു തോന്നുന്ന ഏതെങ്കിലും ആൾക്ക് അത് കൊടുക്കാവുന്നതും;

(ഖ) മേൽപറഞ്ഞ അയ്യായിരം രൂപയുടെ പരിധിക്കുള്ളിൽ, ഒരു ഗവൺമെൻറ് സേവിംങ്സ് ബാങ്കിൻെറ മാനേജ്മെൻറിൽ നിയോജിതനായിട്ടുള്ളവനും, കേന്ദ്രഗവൺമെൻറിൻെറ സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി ഇതിലേക്കു അധികാരപ്പെടുത്തിയിട്ടുള്ളവനും, ആയ ഏതെങ്കിലും ഉദ്യോഗസ്ഥന്, അങ്ങനെയുള്ള ഉത്തരവു, തന്നെ അധികാരപ്പെടുത്തുന്നിടത്തോളവും, ഇതിലേക്കുള്ള, സെക്രട്ടറിയുടെ സാമാന്യമോ പ്രത്യേകമോ ആയ ഏതെങ്കിലും ഉത്തരവുകൾക്കു വിധേയമായും, നിക്ഷേപം വാങ്ങിക്കാനോ, എസ്റേററ് അഡ്മിനിസ്ററർ ചെയ്യാനോ അധികാരമുണ്ടെന്നു തനിക്കു തോന്നുന്ന ഏതെങ്കിലും ആൾക്ക് നിക്ഷേപം കൊടുക്കാവുന്നതും, ആണ്.

(5) ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും, കാലാവധിയുള്ള ഒരു നിക്ഷേപം, അത് കിട്ടാനുള്ളതായി തീർന്നിട്ടുള്ളതിനുമുൻപ്, കൊടുത്താൽ സ്വീകരിക്കാൻ ഏതെങ്കിലും ആളോട്, ആവശ്യപ്പെടുന്നതായി കരുതപ്പെടുന്നതല്ല.

5. <u>കൊടുക്കൽ ബാദ്ധ്യത തീരൽ ആയിരിക്കുമെന്ന്.</u>— ഈ ആക്ററിലെ മേൽപറഞ്ഞ വ്യവസ്ഥകളനുസരിച്ചുള്ള ഏതെങ്കിലും പണംകൊടുക്കൽ, അപ്രകാരം കൊടുക്കുന്ന പണം സംബന്ധിച്ചുള്ള എല്ലാ മേലാൽ ബാദ്ധ്യതയിൽനിന്നുമുള്ള പൂർണ്ണമായ ബാദ്ധ്യതതീരലായിരിക്കുന്നതാണ്.

<u>എക്സിക്യൂട്ടറുടെ അവകാശം ഒഴിവാക്കൽ.</u>— എന്നാൽ, ഇതിൽ അടങ്ങിയ യാതൊന്നും, അതു വാങ്ങിക്കുന്ന ആളിൽനിന്ന് അയാൾ അഡ്മിനിസ്ട്രേഷൻെറ മുറപ്രകാരമുള്ള ഗതിയിൽ തിരിയെ കൊടുക്കുകയോ കൊടുത്തുതീർക്കുകയോ ചെയ്ത എല്ലാ കടങ്ങളുടേയും, അല്ലെങ്കിൽ മററു ഡിമാൻഡുകളുടേയും തുക കിഴിവുചെയ്തതിനുശേഷം, അയാളുടെ കൈയിൽ ബാക്കിയുള്ള തുക വസൂലാക്കുന്നതിൽനിന്ന്, മരിച്ചുപോയ ആളുടെ ഏതെങ്കിലും എക്സിക്യൂട്ടറേയോ, അഡ്മിനിസ്ട്രേററിനേയോ മററു പ്രതിനിധിയേയോ തടയുന്നതല്ല.

<u>ഉത്തമർണ്ണൻെറ അവകാശം ഒഴിവാക്കൽ.</u>— ഏതെങ്കിലും ഉത്തമർണ്ണനോ അല്ലെങ്കിൽ മരിച്ചുപോയ ആളുടെ എസ്റേററിനെതിരെ അവകാശവാദമുള്ള ഏതെങ്കിലും ആൾക്കോ, തൻെറ കടമോ തനിക്കു അവകാശപ്പെട്ടതോ ഈ ആക്ററിൻകീഴിൽ ഏതെങ്കിലും ആൾക്ക് കൊടുത്തിട്ടുള്ളതും അഡ്മിനിസ്ററർ ചെയ്യപ്പെടാതെ, അയാളുടെ കൈയിൽ ബാക്കിയുള്ളതുമായ

പണത്തിൽനിന്ന് അയാരം മരിച്ചുപോയ ആളുടെ എസ്റേററിൻെറ അഡ്മിനിസ്ട്രേഷൻ പത്രം സമ്പാദിച്ചിട്ടുണ്ടായിരുന്നാലെന്നപോലെ, അതേരീതിയിലും അത്രത്തോളവും വസൂലാക്കാവുന്നതാണ്.

6. മുറപ്രകാരമുള്ള അഡ്മിനിസ്ട്രേഷനുള്ള ജാമ്യം.—അങ്ങനെയുള്ള ഏതെങ്കിലും ബാങ്കിൻെറ സെക്രട്ടറിക്കോ, അല്ലെങ്കിൽ 4 ക വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ, അയാരം 4 ക വകുപ്പ് (4)-ാം ഉപവകുപ്പിൻ കീഴിൽ ഏതെങ്കിലും പണം കൊടുക്കുന്ന ഏതെങ്കിലും ആളിൽനിന്ന് അപ്രകാരം കൊടുക്കുന്ന പണത്തിൻെറ മുറപ്രകാരമുള്ള അഡ്മിനിസ്ട്രേഷന്, ആവശ്യമെന്നു തോന്നുന്ന ജാമ്യം വാങ്ങിക്കാവുന്നതും,

മുൻപറഞ്ഞ ജാമ്യം, അങ്ങനെയുള്ള അഡ്മിനിസ്ട്രേഷനിൽ താൽപ്പര്യമുള്ള ഏതെങ്കിലും ആരംക്ക് തീറുകൊടുക്കാവുന്നതും ആണ്.

7. ശപഥം ചെയ്യിക്കാനുള്ള അധികാരം.—മേൽപറഞ്ഞ പ്രകാരംപോലുള്ള അവകാശമുണ്ടെന്ന് അവകാശപ്പെടുന്ന ആളുടെ അവകാശങ്ങരം തിട്ടപ്പെടുത്തുന്നതിനുവേണ്ടി, അങ്ങനെയുള്ള ഏതെങ്കിലും ബാങ്കിൻെറ സെക്രട്ടറിക്കോ, അല്ലെങ്കിൽ 4 ക വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ ശപഥങ്ങളും പ്രതിജ്ഞയും സംബന്ധിച്ച തൽസമയത്തെ നിയമമനുസരിച്ച് ശപഥത്തിൻമേലോ പ്രതിജ്ഞയിൻമേലോ തെളിവെടുക്കാവുന്നതാണ്.

വ്യാജമായ പ്രസ്താവനകരംക്കുള്ള ദണ്ഡനം.—അങ്ങനെയുള്ള ശപഥത്തിൻമേലോ, പ്രതിജ്ഞയിൻമേലോ, വ്യാജവും, വ്യാജമാണെന്ന് താൻ അറിയുകയോ വിശ്വസിക്കുകയോ, സത്യമാണെന്നു താൻ വിശ്വസിക്കാതിരിക്കുകയോ ചെയ്യുന്നതുമായ ഏതെങ്കിലും പ്രസ്താവന നല്കുന്ന യാതൊരാളും, ഇൻഡ്യൻ ശിക്ഷാനിയമസംഹിത, (1830-ലെ 45) 193-ാം വകുപ്പിൻ കീഴിലുള്ള കുററത്തിന് അപരാധി ആയി കരുതപ്പെടുന്നതാണ്.

8. കോർട്ട് ഫീസ് കണക്കാക്കുന്നതിൽ നിക്ഷേപം ഒഴിവാക്കുന്നത് എപ്പോഴെന്ന്,—മരിച്ചുപോയ നിക്ഷേപകൻെറ എസ്റേററ് വക നിക്ഷേപത്തുക മൂവായിരം രൂപയിൽ കവിയാത്തിടത്ത്, അങ്ങനെയുള്ള തുക, അയാളുടെ വസ്തുസംബന്ധിച്ചു അനുദാനംചെയ്യുന്ന പ്രൊബേററിൻമേലോ അഡ്മിനിസ്ട്രേഷൻ പത്രത്തിൻമേലോ, സർട്ടിഫിക്കററ് (വല്ലതുമുണ്ടെങ്കിൽ) കോർട്ടു ഫീസ് ആക്ററ്, 1870-ൽ (1870-ലെ 7) കീഴിൽ ചാർജ്ജ്ചെയ്യാവുന്ന ഫീസ് കണക്കാക്കുന്നതിൽ ഒഴിവാക്കപ്പെടുന്നതാണ്.

എന്നാൽ, അങ്ങനെയുള്ള പ്രൊബേററോ അഡ്മിനിസ്ട്രേഷൻ പത്രമോ സർട്ടിഫിക്കററോ അവകാശപ്പെടുന്ന ആരം, അതു അനുദാനം ചെയ്യാൻ പ്രാധികാരപ്പെടുത്തപ്പെട്ട കോടതിയിൽ, മരിച്ചുപോയ ആളുടെ എസ്റേററ് വകയായി ഏതെങ്കിലും ഗവൺമെൻറ് സേവിംഗ്സ് ബാങ്കിലുള്ള, നിക്ഷേപത്തുകയെക്കുറിച്ചുള്ള ഒരു സർട്ടിഫിക്കററ് ലക്ഷ്യരേഖയാക്കേണ്ടതാണ്. അങ്ങനെയുള്ള സർട്ടിഫിക്കററ്, അങ്ങനെയുള്ള ബാങ്കിൻെറ സെക്രട്ടറി ഒപ്പിടേണ്ടതും, കോടതി അതു മുൻപറഞ്ഞ തുകയുടെ തെളിവായി സ്വീകരിക്കേണ്ടതും ആകുന്നു.

9. യൂറോപ്യൻ ഭടൻമാരുടേയോ ഡെസർട്ട് ചെയ്യുന്നവരുടേയോ എസ്റേററുവക നിക്ഷേപങ്ങരംക്ക് ആക്ററ് ബാധകമാകുന്നതല്ലെന്ന്.— [1959-ലെ XLV-ാം നമ്പർ ആക്ററിനാൽ റദ്ദാക്കപ്പെട്ടു.]

## മൈനർമാരുടെ വക നിക്ഷേപങ്ങരം

10. നിക്ഷേപങ്ങരം മൈനർക്കോ രക്ഷാകർത്താവിനോ കൊടുക്കുന്നത്.—
ഏതെങ്കിലും മൈനറാലോ മൈനർക്കുവേണ്ടിയോ ചെയ്തിട്ടുള്ള ഏതെ
കിലും നിക്ഷേപം, അതിൻമേൽ കൂടുന്നു പലിശസഹിതം, നിക്ഷേപം
അയാരം ചെയ്തതാണെങ്കിൽ അയാരംക്ക് നേരിട്ടോ, ആ മൈനർ അല്ലാത്ത
ഏതെങ്കിലും ആളാണ് നിക്ഷേപിച്ചതെങ്കിൽ, മൈനറുടെ ഉപയോഗത്തിനായി,
അയാളുടെ രക്ഷാകർത്താവിനോ കൊടുക്കാവുന്നതാണ്.

ഏതെങ്കിലും മൈനരുടേയോ രക്ഷാകർത്താവിൻേറയോ, അയാരംക്ക് ഈ
വകുപ്പിൻകീഴിൽ കൊടുത്ത പണത്തിനുള്ള രസീത്, അതിനുള്ള മതിയായ
ബാദ്ധ്യതതീരൽ ആയിരിക്കുന്നതാണ്.

11. ഇതിനുമുൻപ് ഇതേരീതിയിൽ കൊടുത്തിട്ടുള്ളത് നിയമാനുസൃത
മാക്കുന്നത്.—[1959-ലെ XLV-ാം ആക്ററിനാൽ റദ്ദാക്കപ്പെട്ടു]

## ഭ്രാന്തൻമാരുടെ നിക്ഷേപങ്ങരം

12. ഭ്രാന്തൻമാരുടെ വക നിക്ഷേപങ്ങരം കൊടുക്കുന്നത്.—ഏതെങ്കിലും
നിക്ഷേപകൻ, ചിത്തഭ്രമം ഉള്ളവനോ, അല്ലെങ്കിൽ മററുവിധത്തിൽ തൻെറ
കാര്യങ്ങരം നടത്താൻ കഴിവില്ലാത്തവനോ ആയിത്തീരുകയും,

അങ്ങനെയുള്ള ചിത്തഭ്രമമോ കഴിവില്ലായ്മയോ, അയാളുടെ നിക്ഷേപം
ഉള്ള ബാങ്കിലെ സെക്രട്ടറിക്ക് ബോദ്ധ്യപ്പെടുന്നവിധം തെളിയിക്കുകയും,
ചെയ്യുന്നുവെങ്കിൽ,

അങ്ങനെയുള്ള സെക്രട്ടറിയ്ക്ക് അപ്പോഴപ്പോരം, ആ നിക്ഷേപത്തിൽ
നിന്ന്, ശരിയായ ഏതെങ്കിലും ആരംക്ക് തുകകരം കൊടുക്കാവുന്നതും,

ഈ വകുപ്പിൻകീഴിൽ കൊടുക്കുന്ന പണത്തിനുള്ള അങ്ങനെയുള്ള
ആളുടെ രസീതു അതിലേയ്ക്കുള്ള ഒരു മതിയായ ബാദ്ധ്യതതീരൽ ആയി
രിക്കുന്നതുമാണ്.

നിക്ഷേപകൻെറ എസ്റേററിൻെറ ഒരു കമ്മിററിയേയോ, മാനേജരേയോ
മുറപ്രകാരം നിയമിച്ചിട്ടുള്ളിടത്ത്, ഈ വകുപ്പിലെയാതൊന്നും, അങ്ങനെയുള്ള
കമ്മിററിക്കോ മാനേജർക്കോ അല്ലാതെ, മറേറതെങ്കിലും ആരംക്ക് തുകകരം
കൊടുക്കുന്നതു പ്രാധികാരപ്പെടുത്തുന്നില്ല

## വിവാഹിതരായ സ്ത്രീകളാലുള്ള നിക്ഷേപങ്ങരം

13. വിവാഹിതരായ സ്ത്രീകളുടെ നിക്ഷേപങ്ങരം കൊടുക്കുന്നത്.—
വിവാഹിതയായ ഒരു സ്ത്രീയോ, അവരംക്കുവേണ്ടിയോ, അല്ലെങ്കിൽ പിന്നീട്
വിവാഹിതയാകുന്ന ഒരു സ്ത്രീയോ അവരംക്കുവേണ്ടിയോ ചെയ്യുന്ന
ഏതെങ്കിലും നിക്ഷേപം, ഇൻഡ്യൻ പിൻതുടർച്ച ആക്ററ്, 1925-ലെ
20-ാം വകുപ്പ്, അവളുടെ വിവാഹത്തിന് ബാധകമായാലും ഇല്ലെങ്കിലും,
അവരംക്ക് കൊടുക്കാവുന്നതും, അവരംക്ക് ഈ വകുപ്പിൻകീഴിൽ കൊടു
ക്കുന്ന പണത്തിനുള്ള അവളുടെ രസീതു അതിനുള്ള മതിയായ ബാദ്ധ്യത
തീരലായിരിക്കുന്നതും ആണ്.

## പലവക

14. ഉത്തമവിശ്വാസപൂർവ്വം എടുക്കുന്ന നടപടിയുടെ സംരക്ഷണം.—ഈ ആക്റ്റിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച്, സെക്രട്ടറിക്കോ ഗവൺമെൻറിലെ മറേറതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരവും അല്ലെങ്കിൽ നിയമ നടപടിയും നിലനില്ക്കുന്നതല്ല.

15. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി ഈ ആക്റ്റിൻെറ ആവശ്യം നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗംവരാതേയും, അങ്ങനെയുള്ള ചട്ടങ്ങൾക്ക്, താഴെ പറയുന്ന എല്ലാ വിഷയങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥചെയ്യാവുന്നതാണ് ; അതായത് :—

(ക) ഗവൺമെൻറ് സേവിംഗ്സ് ബാങ്കുകളിൽ നിക്ഷേപങ്ങൾ ചെയ്യാവുന്നത് ഏതു ആളുകളാലാണെന്നും, ഏതു നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായാണെന്നും ഉള്ളത് ;

(ഖ) നിക്ഷേപങ്ങളുടെ പരമാവധി പരിധികളും, നിക്ഷേപങ്ങൾ സംബന്ധിച്ച സാമാന്യമായും ഏതെങ്കിലും തരം നിക്ഷേപങ്ങൾ സംബന്ധിച്ച് പ്രത്യേകമായും ഉള്ള പലിശയോ ഡിസ്ക്കൗണ്ടോ സംബന്ധിച്ചുള്ള ഉപാധികളും ;

(ഗ) പരമാവധി പരിധികൾ കവിയുമ്പോൾ, നിക്ഷേപങ്ങളിൻമേൽ പലിശ കൂടാതിരിക്കുന്നതും, കവിഞ്ഞു കൊടുക്കുന്ന ഏതെങ്കിലും പലിശ, ഭൂമിക്കരക്കുടിശ്ശിക എന്ന രീതിയിലോ, മറേറതെങ്കിലും രീതിയിലോ വസൂലാക്കുന്നതും ;

(ഘ) നിക്ഷേപങ്ങൾ കൊടുക്കാവുന്നത് ഏതു ആളുകൾക്കാണെന്നും കൊടുക്കുന്ന രീതിയും ;

(ങ) നാമനിർദ്ദേശങ്ങളുടെ ഫാറവും, നാമനിർദ്ദേശങ്ങൾ ചെയ്യാവുന്നതു ഏതു ആൾപേർക്കാണെന്നും, ഏതു ഉപാധികൾക്കും പരിമിതികൾക്കും വിധേയമായാണെന്നും ഉള്ളതും ; നാമനിർദ്ദേശങ്ങളുടെ രജിസ്ട്രേഷനും ;

(ച) നാമനിർദ്ദേശങ്ങൾ വ്യത്യാസപ്പെടുത്തുന്നതും റദ്ദാക്കുന്നതും ;

(ഛ) നാമനിർദ്ദേശങ്ങളുടെ രജിസ്ട്രേഷനും ; അത് വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നതിനും, ചുമത്താവുന്ന ഫീസ് ;

(ജ) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻെറ ആവശ്യത്തിലേയ്ക്ക്, ഏതെങ്കിലും ആളെ നിയമിക്കാവുന്ന രീതി.

(3) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ, അതിന്റെ ഓരോ സഭയുടേയും മുൻപാകെ, ഒരു സമ്മേളനത്തിലോ, തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പതുദിവസകാലത്തേക്ക് വയ്ക്കേണ്ടതും, ഏതു സമ്മേളനത്തിലാണ് അതു അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ അതിന് തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ്, ഇരു സഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടമുണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ ചട്ടത്തിന് അതതു സംഗതി പോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ, പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അതു അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ, ആ ചട്ടത്തിൻകീഴിൽ മുൻപ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റേയെങ്കിലും, സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.